പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 113.

26.02.2018 ൽ
മറുപടിക്ക്

# വനിതാ ബീറ്റ് ഓഫീസർമാർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ .എ.നെല്ലിക്കുന്ന് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ; | (എ) സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കായി ജാഗ്രതാ സമിതികളും, നിർഭയ കേരളം സുരക്ഷിത കേരളം, ഓപ്പറേഷൻ ഗുരുകുലം, പിങ്ക് പട്രോൾ, പിങ്ക് ബീറ്റ്, വനിതാ ഹെല്പ് ഡെസ്ക്, സെൽഫ് ഡിഫൻസ് ക്ലാസ്സുകൾ, സ്കൂൾ/കോളേജ് പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ, പഞ്ചായത്ത് ഓഫീസുകളിൽ പരാതി അദാലത്തുകൾ. ആന്റി വിമൻ ഹരാസ്മെന്റ് സെൽ, ലീഗൽ എയ്ഡ് ക്ലിനിക്കുകൾ, രാത്രിയിൽ ഒറ്റപ്പെട്ടുപോകുന്ന സ്ത്രീകൾക്കായി short stay homes സംവിധാനം, സ്ത്രീകൾക്ക് രാത്രികാലങ്ങളിൽ സുരക്ഷിതമായി യാത്ര ചെയ്യാൻ ഷീ ഓട്ടോ സംവിധാനം, വനിതാ സെൽ, വനിതാ പോലീസ് സ്റ്റേഷൻ, ജനമൈത്രി, Kids Glove Project, Children and Police Project, മിത്ര 181 ഹെൽപ്പ് ലൈൻ, സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കായി ജാഗ്രതാ മൊബൈൽ ആപ്ലിക്കേഷൻ, ജുവനൈൽ യൂണിറ്റുകൾ തുടങ്ങിയ വിവിധങ്ങളായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. |

[PTO]

| | | |
|---|---|---|
| **(ബി)** പഞ്ചായത്ത് തലങ്ങളിൽ നിയോഗിക്കുന്ന പോലീസ് വനിതാ ബീറ്റ് ഓഫീസർമാരുടെ ചുമതലകൾ എന്താണെന്ന് വ്യക്തമാക്കാമോ: | (ബി) | നിശ്ചയിക്കപ്പെട്ട ദിവസങ്ങളിൽ പഞ്ചായത്ത് ഓഫീസുകളിൽ വനിതാ പോലീസ് ഉദ്യോഗസ്ഥർ ഹാജരായി പരാതികളും നിർദ്ദേശങ്ങളും വനിതകളിൽ നിന്നും സ്വീകരിച്ച് നിയമപാലന അധികാരം ഉപയോഗിച്ച് പോലീസിൽ നിന്നും തീർപ്പാക്കാവുന്ന പരാതികൾ തീർപ്പാക്കി വരുന്നു. |
| **(സി)** വനിതാ ബീറ്റ് ഓഫീസർമാർ ചുമതലയേറ്റ പഞ്ചായത്തുകൾ ജില്ല തിരിച്ച് വ്യക്തമാക്കാമോ : | (സി) | കേരളത്തിലെ എല്ലാ ജില്ലകളിലെയും പഞ്ചായത്തുകളിൽ വനിതാ പോലീസ് ബീറ്റ് ഓഫീസർമാരുടെ സേവനം ലഭ്യമാണ്. |
| **(ഡി)** പ്രസ്തുത ഓഫീസർമാർ നിലവിൽ പോലീസിൽ ഉള്ളവരാണോ അതല്ല പുതുതായി നിയമിക്കപ്പെട്ടവരാണോ എന്ന് വ്യക്തമാക്കാമോ ? | (ഡി) | നിലവിൽ പോലീസ് വകുപ്പിൽ നിന്നുള്ളവർ തന്നെയാണ് പ്രസ്തുത ഓഫീസർമാർ. |

**സെക്ഷൻ ഓഫീസർ**